## 172 “Sing praise to God who reigns”

എൻ മനമേ വാഴ്ത്തിടുക നിൻദൈവത്തിൻ വിശുദ്ധനാമം
തന്നുപകാരങ്ങളൊന്നും  നിന്നായുസ്സിൽ മറന്നിടല്ലേ
നിന്നകൃത്യം മോചിച്ചതും രോഗസൗഖ്യം ഏകിയതും
എൻ മനമേ മറന്നിടല്ലേ-

1 നിൻ ജീവനെ നാശത്തിൽ നിന്നെന്നേക്കുമായ് വിടുവിച്ചതും
തൻ ദയയും കരുണയതും നിൻ ശിരസ്സിൽ അണിയിച്ചതും
നിൻ യൗവ്വനം പഴകിടാതെ കഴുകനെപ്പോൽ പുതുക്കിയതും
എൻ മനമേ മറന്നിടല്ലേ-

2 പീഡിതനായ് തീർന്നനേരം ന്യായമൊന്നായ് നടത്തിയതും
തൻ വഴിയും പ്രവൃത്തികളും നിന്നോടെന്നും അറിയിച്ചതും
നിൻ ലംഘന പാപങ്ങളും തൻ ദയയാൽ ക്ഷമിച്ചെന്നതും
എൻ മനമേ മറന്നിടല്ലേ-

3 പ്രകൃതിയെല്ലാം അറിഞ്ഞിടുന്നോൻ
പൊടിയാം നിന്നെ ഓർക്കുന്നതും
വയലിലെ പുല്ലിൻ സമം നിൻ ആയുസ്സെത്ര ക്ഷണികമതും
അറിഞ്ഞു നിന്റെ ദിനമോരോന്നും
വിശുദ്ധിയിൽ നീ വസിക്കേ    തും
എൻ മനമേ മറന്നിടല്ലേ- S.V.